**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6522 — 08/11/2016-ൽ മറുപടിക്ക്

**മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ്**

| ചോദ്യം. | ഉത്തരം |
| --- | --- |
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.അനിൽ അക്കര | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യ, കുടുംബക്ഷേമ സാമൂഹ്യ നീതി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് കർശനമായി നിരോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് സർക്കാർ ഉത്തരവ് പ്രകാരം കർശനമായി നിരോധിച്ചിട്ടുണ്ട്. 01.10.2009 - ലെ സ.ഉ(പി) 345/2009/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം 1960 - ലെ കേരളാ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിൽ ഇക്കാര്യമുൾപ്പെടുത്തി ഭേദഗതി വരുത്തിയിട്ടുമുണ്ട്. |
| (ബി) പ്രസ്തുത ഡോക്ടർമാർ പ്രൈവറ്റ് പ്രാക്ടീസ് നടത്തുന്നതായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രൈവറ്റ് പ്രാക്ടീസ് കർശനമായി തടയുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസുകളിൽ പരിശോധന നടത്തി സർക്കാർ ഉത്തരവിനു വിരുദ്ധമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ഡോക്ടർമാർക്കെതിരെ കേരളാ സിവിൽ സർവീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം, 1960 - ലെ വ്യവസ്ഥകൾ പ്രകാരം അച്ചടക്ക നടപടികൾ കൈക്കൊണ്ടു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ